നം. സി.ഇ.ഇ/കെ.ഇ.എ.എം./2900/2007/റ്റി.എ.1

കേരള സർക്കാർ

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

# വിജ്ഞാപനം

## ആർക്കിടെക്ച്ചർ ഡിഗ്രി കോഴ്സിന് പുതുക്കിയ യോഗ്യതകൾ

**സർക്കാർ ഉത്തരവ് (ആർ.റ്റി.)നം.626/08 ഉന്നത വിദ്യാഭ്യാസ വകുപ്പ്, തീയതി: 17.04.2008**

2008-ലെ പ്രൊഫഷണൽ ഡിഗ്രി കോഴ്സ് പ്രവേശനത്തിനുള്ള പ്രോസ്പെക്ടസിൽ നിഷ്കർഷിച്ചിട്ടുള്ളതും 27.01.2008 നു പ്രൊഫഷണൽ കോഴ്സ് പ്രവേശനം സംബന്ധിച്ച് ഈ ഓഫീസ് പുറപ്പെടുവിച്ച വിജ്ഞാപനം മുഖേന പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതുമായ, ആർക്കിടെക്ച്ചർ ഡിഗ്രി കോഴ്സുകളിലേയ്ക്ക് പ്രവേശനത്തിനുവേണ്ട അടിസ്ഥാന യോഗ്യതകൾ ഇന്ത്യൻ കൗൺസിൽ ഓഫ് ആർക്കിടെക്ച്ചറിന്റെ **(സി.ഒ.എ.)** മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് പുതുക്കി നിശ്ചയിച്ചിരിക്കുന്നു. ആർക്കിടെക്ച്ചർ ഡിഗ്രി പ്രവേശനത്തിന്, സി.ഒ.എ.യുടെ പുതുക്കിയ നിബന്ധനകൾ താഴെ കൊടുത്തിരിക്കുന്നു:

(എ) ഒരു അംഗീകൃത ബോർഡിൽ നിന്നും നേടിയ പ്ലസ് ടു (മാത്തമാറ്റിക്സ് ഒരു നിർബന്ധിത വിഷയമായി പഠിച്ച് ആകെ 50% മാർക്കെങ്കിലും നേടിയിരിക്കണം).

(ബി) കേന്ദ്ര/സംസ്ഥാന സർക്കാരുകൾ അംഗീകരിച്ച ഏതെങ്കിലുമൊരു സ്ട്രീമിലെ 10+3 ഡിപ്ലോമ (കുറഞ്ഞത് 50% മാർക്ക്).

(സി) 10 വർഷത്തെ സ്കൂൾ പഠനത്തിനുശേഷമുള്ള **International Baccalaureate Diploma** (മാത്തമാറ്റിക്സ് ഒരു നിർബന്ധിത വിഷയമായി പഠിച്ച് ആകെ **50%** മാർക്കെങ്കിലും നേടിയിരിക്കണം).

എസ്.സി./എസ്.ടി./എസ്.ഇ.ബി.സി വിഭാഗങ്ങളിൽപെടുന്ന വിദ്യാർത്ഥികൾക്ക് യോഗ്യതാ പരീക്ഷയിൽ മൊത്തം **45%** മാർക്ക് മതിയാകും.

ആർക്കിടെക്ച്ചർ ഡിഗ്രി കോഴ്സുകളിലേയ്ക്കുള്ള പ്രവേശനത്തിന്, ആർക്കിടെക്ച്ചർ കൗൺസിൽ നടത്തുന്ന **നാഷണൽ ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ് ഫോർ ആർക്കിടെക്ച്ചർ** (നാറ്റാ) എഴുതി വിജയിച്ചിരിക്കണം. നാറ്റാ ടെസ്റ്റ് വിജയിക്കുന്നതിനുള്ള കുറഞ്ഞ മാർക്ക് (സ്കോർ) **200** ൽ **80** ആണ് - ഇത് എല്ലാ വിഭാഗക്കാർക്കും ബാധകമാണ്.

കേരള എൻജിനീയറിംഗ്/മെഡിക്കൽ പ്രോസ്പെക്ടസിലെ ക്ലാസ് 6.2.3, 9.7.5 എന്നിവ ഇപ്രകാരം പുതുക്കിയിട്ടുണ്ട്.

കേരള എൻജിനീയറിംഗ്/മെഡിക്കൽ പ്രവേശന പരീക്ഷയുടെ അപേക്ഷാ ഫോറത്തിൽ 'ആർക്കിടെക്ച്ചറിനു' അപേക്ഷിച്ചിട്ടുള്ള വിദ്യാർത്ഥികൾ അവരുടെ യോഗ്യതാ പരീക്ഷയുടെ മാർക്ക് ലിസ്റ്റും നാറ്റാ സ്കോർ കാർഡിന്റെ പകർപ്പും അറ്റസ്റ്റ് ചെയ്ത് പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ **12.06.2008** (വൈകുന്നേരം 5 മണി) നു മുമ്പ് ലഭിയ്ക്കത്തക്കവിധം അയയ്ക്കേണ്ടതാണ്.

2008-09 വർഷത്തിൽ ബി.ആർക്ക് (ആർക്കിടെക്ച്ചർ) കോഴ്സുകളിലേയ്ക്കുള്ള സീറ്റ് അലോട്ട്മെന്റും പ്രവേശനവും, ആർക്കിടെക്ച്ചർ കൗൺസിലിന്റെ പുതുക്കിയ യോഗ്യതകളുടെ അടിസ്ഥാനത്തിൽ ആയിരിക്കും.

തിരുവനന്തപുരം

17.05.2008

**പ്രവേശന പരീക്ഷാ കമ്മീഷണർ**